# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *290

21.12.2012 - ൽ മറുപടിക്ക്

## കാർഷിക വിളകളുടെ വില നിലവാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. വി. രാജേഷ്<br>ശ്രീ. എളമരം കരീം<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ,<br>കൃഷി/മൃഗസംരക്ഷണം, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| (എ) സംസ്ഥാനത്തെ കാർഷിക വിളകളുടെ വില നിലവാരം സംബന്ധിച്ച് കൃഷി വകുപ്പ് അവലോകനം നടത്തിയിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷിക വിളകളുടെ വിലനിലവാരം സംബന്ധിച്ച അവലോകന റിപ്പോർട്ട് സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് ആഴ്ചതോറും സർക്കാരിൽ സമർപ്പിച്ചു വരുന്നുണ്ട്. |
| (ബി) ഉല്പാദന ചെലവിൽ ഉണ്ടായ വർദ്ധനയുടെ അടിസ്ഥാനത്തിൽ കൃഷിക്കാർ നേരിടുന്ന പ്രയാസങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (ബി) ഉല്പാദന ചെലവിൽ ഉണ്ടായ വർദ്ധനയുടെ അടിസ്ഥാനത്തിൽ കൃഷിക്കാർ നേരിടുന്ന പ്രയാസങ്ങൾ വിലയിരുത്തിയിട്ടുണ്ട്. |
| (സി) രാസവളങ്ങളുടെ വില ഉൾപ്പെടെ ഉല്പാദന ചെലവിൽ ഉണ്ടായ വർദ്ധനവും ഇപ്പോഴത്തെ വിളകളുടെ വിലയും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോ; | (സി) രാസവളങ്ങളുടെ വില ഉൾപ്പെടെ ഉല്പാദന ചെലവിലുണ്ടായ വർദ്ധനവ് ഉൽപ്പന്നങ്ങളുടെ വിലയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. |
| (ഡി) ഏതെങ്കിലും കൃഷി ഇപ്പോൾ കൃഷിക്കാരന് ലാഭകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ഡി) കൃഷി നഷ്ടമല്ല. എന്നാൽ ലാഭത്തിന്റെ തോത് കുറവാണ്. |
| (ഇ) ഉല്പാദന ചെലവിലെ വർദ്ധനയോടൊപ്പം കൃഷിക്കാരൻ നേരിടുന്ന മറ്റ് ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) ഒന്നാം വിളയിൽ നേരിട്ട വരൾച്ച കൂടാതെ ഉല്പാദന ചെലവിലെ വർദ്ധനയോടൊപ്പം ഉല്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും കൃഷിക്കാരന് അനുഭവപ്പെട്ടു. ഇതിൽ പ്രധാനപ്പെട്ടത് ഇടനിലക്കാരുടെ ലാഭം കൊയ്യൽ മൂലം കർഷകന് ന്യായമായ വില ലഭിക്കാത്തതാണ്. സംസ്ഥാന സർക്കാർ ഇപ്പോൾ നടപ്പിലാക്കി വരുന്ന സംഭരണ പദ്ധതികളും മൊത്ത വ്യാപാര വിപണികളിൽ നടത്തി വരുന്ന ലേല നടപടികളും ഇതിന് പരിഹാരമാകുന്നതാണ്. |

അണ്ടർ സെക്രട്ടറി